ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.07.2026**

## പ്രധാനവാർത്തകൾ

1. നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും ഉച്ചയ്ക്ക് രണ്ടു മണി വരെ നിർത്തിവച്ചു. പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ലോകസഭയിൽ അവതരിപ്പിച്ചു.

2. മുൻ രാഷ്ട്രപതിയും ഇന്ത്യയുടെ മിസൈൽ മാനുമായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

3. സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏകോപിത പ്രവർത്തനം ആവശ്യമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

4. ഓണം സപ്ലൈകോ മേളകൾ അടുത്തമാസം എട്ടിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. ഓണക്കാല വിപണി നിയന്ത്രിക്കാൻ സ്ക്വാഡിനെ നിയോഗിക്കുമെന്നും മന്ത്രി.

PNU TVPM

5. **അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രോഗി മരിച്ചു. പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമെന്ന് ആരോഗ്യ വകുപ്പ്.**
6. **സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**പാർലമെൻറ്**

നീറ്റ് പരീക്ഷ ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിനെതിരെ നടന്ന പോലീസ് നടപടികളിൽ പാർലമെന്റിൽ പ്രതിപക്ഷ ബഹളം. പ്രതിഷേധം ശക്തമായതോടെ ഇരുസഭകളും ഉച്ചയ്ക്ക് രണ്ടു മണി വരെ നിർത്തിവച്ചു. ബഹളത്തിനിടെ പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ലോകസഭയിൽ അവതരിപ്പിച്ചു.

**സുപ്രീംകോടതി-നീറ്റ്**

നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്കെതിരെ പോലീസ് അമിത ബലപ്രയോഗം നടത്തിയെന്നാരോപിച്ച് സമർപ്പിച്ച ഒരു കൂട്ടം ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിക്കും. പ്രതിഷേധത്തിനിടെ ആക്രമിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ

RNU TVPM

കുടുംബാംഗങ്ങൾ സമർപ്പിച്ച പ്രത്യേക ഹർജിയും, ലിസ്റ്റുചെയ്ത മറ്റ് ഹർജികളും പരിഗണിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് തീരുമാനിച്ചത്.

## സി ആർ പി എഫ്

സി.ആർ.പി.എഫ് സ്ഥാപക ദിനത്തിൽ സൈനികർക്കും അവരുടെ കുടുംബങ്ങൾക്കും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടെയുള്ള നേതാക്കൾ ആശംസകൾ നേർന്നു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ആഭ്യന്തര സുരക്ഷയും സംരക്ഷിക്കുന്നതിൽ സി.ആർ.പി.എഫ് നൽകിയ വിലമതിക്കാനാവാത്ത സംഭാവനകളെ നേതാക്കൾ പ്രശംസിച്ചു.

## കലാം ചരമവാർഷികം(ഇൻട്രോ)

മുൻ രാഷ്ട്രപതിയും പ്രശസ്ത ശാസ്ത്രജ്ഞനുമായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ഇന്ത്യയെ സ്വപ്നം കാണാൻ പഠിപ്പിച്ച , 'ജനങ്ങളുടെ രാഷ്ട്രപതി' എന്ന്

RNUTVPM

ജനങ്ങൾക്കിടയിൽ അറിയപ്പെട്ട , കലാമിന് രാഷ്ട്രീയ, സാംസ്കാരിക, ശാസ്ത്ര രംഗത്തെ പ്രമുഖർ ആദരമർപ്പിച്ചു.

**ഒരു റിപ്പോർട്ട്...**

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**കലാം ചരമവാർഷികം(വോയിസ്)**

തമിഴ്നാട്ടിലെ രാമേശ്വരത്ത് ഒരു സാധാരണ കുടുംബത്തിൽ ജനിച്ച എ. പി. ജെ. അബ്ദുൾ കലാം കഠിനാധ്വാനത്തിലൂടെയും പ്രതിഭയിലൂടെയുമാണ് രാജ്യത്തിന്റെ പ്രഥമപൗരൻ എന്ന പദവിയിലെത്തിയത്. ഐ എസ് ആർ ഓ യിലും, ഡി ആർ ഡി ഓ യിലും അദ്ദേഹം നൽകിയ സംഭാവനകൾ സമാനതകളില്ലാത്തതാണ്. എസ്എൽവി-3 , പൃഥ്വി, അഗ്നി തുടങ്ങിയ മിസൈൽ പദ്ധതികളുടെ വികസനത്തിന് നേതൃത്വം നൽകിയ കലാമിനെ രാജ്യം ആദരവോടെ 'ഇന്ത്യയുടെ മിസൈൽ മാൻ' എന്ന് വിശേഷിപ്പിച്ചു. 1998-ലെ രണ്ടാം പൊഖ്റാൻ ആണവ പരീക്ഷണത്തിന് സാങ്കേതിക നേതൃത്വം നൽകിയതും കലാമായിരുന്നു. 2002 മുതൽ 2007 വരെ ഇന്ത്യയുടെ 11-ാമത് രാഷ്ട്രപതിയായി സേവനമനുഷ്ഠിച്ച കലാം, രാഷ്ട്രപതി ഭവന്റെ വാതിലുകൾ സാധാരണക്കാർക്കായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കായി തുറന്നിട്ടു. "ഉറക്കത്തിൽ കാണുന്നതല്ല, നിങ്ങളെ ഉറങ്ങാൻ

RNU TVPM

അനുവദിക്കാത്തതാണ് സ്വപ്നം" എന്ന സന്ദേശം പകർന്നു നൽകിയ അദ്ദേഹം 2015 ജൂലൈ 27-ന് ഷില്ലോങ്ങിലെ IIM ൽ വിദ്യാർത്ഥികളോട് പ്രസംഗിക്കുന്നതിനിടെ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു. അഗ്നിച്ചിറകുകൾ, 'ഇന്ത്യ 2020', ഇഗ്നൈറ്റഡ് മൈൻഡ്സ് എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ ഗ്രന്ഥങ്ങളാണ്. രാഷ്ട്രം ഭാരതരത്ന നൽകി ആദരിച്ച ഡോ. അബ്ദുൾ കലാമിന്റെ ചിന്തകളും ആശയങ്ങളും ഇന്നും കോടിക്കണക്കിന് ഇന്ത്യക്കാർക്ക് വഴിവിളക്കായി തുടരുന്നു.

**ന്യൂസ്ഡെസ്ക് ആകാശവാണി.....**

PNU TVPM

**മുഖ്യമന്ത്രി - മലിനീകരണ ബോർഡ്**

സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏകോപിത പ്രവർത്തനം ആവശ്യമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഖരമാലിന്യ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച മേഖലാതല ശില്പശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക ശുചിത്വം ഓരോ പൗരന്റെയും ഉത്തരവാദിത്തമാകണമെന്നും പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഇല്ലാതാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മുഖ്യമന്ത്രി - ഹിന്ദി പ്രചാര സഭ

തുടർച്ചയായ പഠനമാണ് ജീവിതമെന്നും വളർന്നു വരുന്ന തലമുറയെ സ്വാധീനിക്കാൻ അധ്യാപർക്ക് കഴിയണമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരം ഹിന്ദി പ്രചാര സഭയിൽ ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദി പ്രചാര സഭയുടെ സ്ഥാപകൻ വാസുദേവൻ പിള്ളയുടെ അർദ്ധകായ പ്രതിമ മുഖ്യമന്ത്രി അനാച്ഛാദനം ചെയ്തു. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രാജ്യം മുഴുവൻ ഹിന്ദി പ്രചാരണത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച വ്യക്തിത്വമാണ് വാസുദേവൻ പിള്ളയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

## അനൂപ് ജേക്കബ് (ഇൻട്രോ)

സംസ്ഥാനത്ത് ഓണം സപ്ലൈകോ മേളകൾക്ക് അടുത്തമാസം എട്ടിന് തുടക്കമാകും. മുഖ്യമന്ത്രി ഓണം മേള ഉദ്ഘാടനം ചെയ്യുമെന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. 12,13 തീയതികളിൽ ജില്ലാ മേളകൾക്കും തുടക്കമാകും. പൂഴ്ത്തി വയ്പ്പ് ഉൾപ്പെടെ തടയാനും ഓണക്കാല വിപണി നിയന്ത്രിക്കാനും കളക്ടറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് ഓഗസ്റ്റ് ആദ്യം പ്രവർത്തനം തുടങ്ങുമെന്നും മന്ത്രി അറിയിച്ചു.

## (വോയ്സ്)

**അമീബിക് മസ്തിഷ്കജ്വരം**

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന രോഗി മരിച്ചു. കൊയിലാണ്ടി സ്വദേശിയായ 49 കാരനാണ് മരിച്ചത്. ഇയാളുടെ രോഗ ഉറവിടം വ്യക്തമല്ല. കിണറിലെ ജല സാമ്പിളുകൾ പരിശോധനക്ക് അയച്ചതായും പ്രദേശത്ത് ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തിയതായും ആരോഗ്യ വകുപ്പ് അറിയിച്ചു.

**നിതിൻരാജ്**

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ കോളേജിലെ പത്തോളജി വിഭാഗം മുൻ മേധാവി ഡോക്ടർ എം. കെ. റാമിനെ ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിൽ വിട്ടു. തലശ്ശേരി കോടതിയാണ് ഇയാളെ അഞ്ചു ദിവസത്തേക്ക് കസ്റ്റഡിയിൽ വിട്ടത്.

**അമേരിക്ക- ഇറാൻ**

അമേരിക്ക ഇറാൻ വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിക്കുമെന്ന പ്രതീക്ഷയിൽ പശ്ചിമേഷ്യ. എല്ലാ

RNUTVPM

തലങ്ങളിലുമുള്ള ചർച്ചകൾ തുടരുകയാണെന്ന് യുഎന്നിലെ യുഎസ് അംബാസഡർ മൈക്ക് വാൾട്ട്സ് പറഞ്ഞു. മേഖലയിലെ പ്രത്യാക്രമണങ്ങൾ നിർത്തിവച്ചതായി ഇറാൻ സൈനിക വക്താവും സ്ഥിരീകരിച്ചു. അതിനിടെ, ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു നാളെ വാഷിംഗ്ടണിൽ പ്രസിഡന്റ് ട്രംപുമായി കൂടിക്കാഴ്ച നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## സെൻസസ്

സംസ്ഥാനത്ത് ദേശീയ സെൻസസ് 2027ന്റെ ആദ്യ ഘട്ടം ഈ മാസം 30 ന് അവസാനിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണമാണ് ഇപ്പോൾ പുരോഗമിക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

KNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ട്രെയിൻ സമയം

തിരുനെൽവേലി - ജാംനഗർ എക്സ്പ്രസ് ട്രെയിനിന്റെ സമയം പുനഃക്രമീകരിച്ച് ദക്ഷിണ റെയിൽവേ. ഇന്ന് രാവിലെ 5:10-ന് തിരുനെൽവേലിയിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന 19577 നമ്പർ തിരുനെൽവേലി - ജാംനഗർ ദ്വിവാര എക്സ്പ്രസിന്റെ സമയമാണ് ക്രമീകരിച്ചത്. ട്രെയിൻ രാത്രി 11:45-നു പുറപ്പെടും.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ-കേരളം**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

**കൊല്ലം (ഇൻട്രോ)**

സംസ്ഥാനത്ത് കർക്കടക മാസാചരണത്തോട് അനുബന്ധിച്ചുള്ള ക്ഷേത്ര ദർശനവും ആരോഗ്യ സംരക്ഷണ ചികിത്സകളും സജീവം. രാമായണ കഥാസന്ദർഭത്തിൻ്റെ ദൃഷ്ടാന്ത അനുഭവം സമ്മാനിക്കുന്ന ജടായുപ്പാറയിലെ കോദണ്ഡ രാമസ്വാമി ക്ഷേത്രത്തിൽ നിരവധി പേരാണ് ദർശനത്തിനെത്തുന്നത്...

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാപ്രതിനിധി നീരജ് ലാൽ...........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**കോമൺവെൽത്ത് ഗെയിംസ്**

RNI TVPM

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയ്ക്കായി ആദ്യ സ്വർണം നേടിയ മീരാബായ് ചാനുവിനെ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഭിനന്ദിച്ചു. വനിതകളുടെ 48 കിലോഗ്രാം ഭാരോദ്വഹനത്തിലാണ് മീരാബായ് ചാനുവിന്റെ സുവർണ്ണനേട്ടം.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 644 പോയിന്റ് ഉയർന്ന് 76,704 ലും നിഫ്റ്റി 184 പോയിന്റ് നേട്ടത്തിൽ 23,951 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 680 രൂപ കൂടി ഒരു ലക്ഷത്തി 6,960 രൂപയും ഗ്രാമിന് 13,370 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**അപകടം**

ജനം ടി വി തിരുവനന്തപുരം ബ്യൂറോ ക്യാമറാമാൻ അഭിജിത് ശ്രീകുമാർ വാഹനാപകടത്തിൽ മരിച്ചു. 26 വയസായിരുന്നു. രാത്രി ജോലി കഴിഞ്ഞ് മടങ്ങുമ്പോഴായിരുന്നു അപകടം. പാറശ്ശാല സ്വദേശിയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**വിശാഖ് വധക്കേസ്**

തിരുവനന്തപുരം വഞ്ചിയൂർ വിശാഖ് വധക്കേസിൽ കൊലപാതകത്തിന് ഉപയോഗിച്ച ആയുധങ്ങൾ പോലീസ് കണ്ടെടുത്തു. ഇന്നലെ പ്രതികളെ പിടികൂടിയ, പുലയനാർ കോട്ട നെഞ്ചുരോഗ ആശുപത്രിക്കു സമീപമുള്ള കുറ്റിക്കാട്ടിൽ നിന്നാണ് ആയുധങ്ങൾ കണ്ടെത്തിയത്. പ്രതികളുമായി പോലീസ് ഇന്ന് തെളിവെടുപ്പ് നടത്തും.

RNU FVPM